# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2784 — 12/10/2011 -ൽ മറുപടിക്ക്

# കർഷക തൊഴിലാളി ക്ഷേമനിധിയിൽ നിന്നും വിവാഹ ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ചെന്താമരാക്ഷൻ | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) കർഷക തൊഴിലാളി ക്ഷേമനിധിയിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ പെൺമക്കളുടെ വിവാഹധനസഹായത്തിനുള്ള അപേക്ഷകൾ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) വിവാഹധനസഹായത്തിനുള്ള അപേക്ഷകൾ ഇനി എത്രയെണ്ണം തീർപ്പാക്കാൻ ഉണ്ടെന്ന് വ്യക്തമാക്കുമോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) വിവാഹധനസഹായത്തിനുള്ള അപേക്ഷകളിൽ 64729 എണ്ണം തീർപ്പാക്കാനുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| | |
|---|---|
| തിരുവനന്തപുരം | - 3236 |
| കൊല്ലം | - 1849 |
| പത്തനംതിട്ട | - 1121 |
| ആലപ്പുഴ | - 3601 |
| കോട്ടയം | - 3914 |
| ഇടുക്കി | - 355 |
| എറണാകുളം | - 5130 |
| തൃശ്ശൂർ | - 3128 |
| പാലക്കാട് | - 8291 |
| മലപ്പുറം | - 6692 |
| കോഴിക്കോട് | - 9962 |
| വയനാട് | - 2984 |
| കണ്ണൂർ | - 10999 |
| കാസർഗോഡ് | - 3467 |
| **ആകെ** | **- 64729** |

| | | | |
|---|---|---|---|
| (സി) | വിവാഹധനസഹായത്തിനുള്ള അപേക്ഷകളിൽ വിവാഹത്തിന് മുമ്പ് ധനസഹായം അനുവദിക്കാൻ തയ്യാറാകമോ? | (സി) | വിവാഹധനസഹായത്തിനായി ലഭിച്ചിട്ടുള്ള 64,729 അപേക്ഷകളിൽ ഇനിയും ആനുകൂല്യം നൽകുവാൻ കുടിശ്ശികയുണ്ട്. 2007-08 സാമ്പത്തികവർഷം ലഭിച്ചിട്ടുള്ള അപേക്ഷകളിലാണ് ഇപ്പോൾ ആനുകൂല്യം നൽകിവരുന്നത്. വിവാഹത്തിന് മുമ്പ് ധനസഹായം അനുവദിക്കുവാൻ ഇപ്പോഴത്തെ സാഹചര്യത്തിൽ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ